**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 819** **17-09-2025 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തുറമുഖ നിർമ്മാണം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ ഡി കെ മുരളി</td><td colspan="2">ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>വിഴിഞ്ഞം തുറമുഖത്തിന് നാളിതുവരെ കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;</td><td>(എ)</td><td>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പ്രവർത്തനം ആരംഭിച്ചതിനു ശേഷം കൈവരിച്ച ചില സുപ്രധാന നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.<br><br>• 399.99 m നീളവും 61.33 m വീതിയും 24,346 TEU ശേഷിയുമുള്ള ലോകത്തിലെ ഏറ്റവും വലിയ കണ്ടെയ്നർ കപ്പലായ MSC ഐറിന കൈകാര്യം ചെയ്ത ദക്ഷിണേഷ്യയിലെ ആദ്യ തുറമുഖമാണ് വിഴിഞ്ഞം.<br>• 16.95 മീറ്റർ കേവ് ഭാരമുള്ള കണ്ടെയ്നർ കപ്പലായ MSC വിർജിന കൈകാര്യം ചെയ്തു.<br>• കണ്ടെയ്നർ കപ്പലായ MSC പലോമയിൽ നിന്ന് മാത്രം 10,576 TEU കണ്ടെയ്നറുകൾ കൈകാര്യം ചെയ്ത് റെക്കോർഡ് സ്ഥാപിച്ചു.<br>• 2025 ഫെബ്രുവരി മാസത്തിൽ കൈകാര്യം ചെയ്ത കണ്ടെയ്നറുകളുടെ എണ്ണത്തിൽ തെക്ക് – കിഴക്ക് മേഖലകളിലെ 15 തുറമുഖങ്ങളിൽ ഒന്നാമതെത്തുവാൻ വിഴിഞ്ഞത്തിന് കഴിഞ്ഞു.<br>• 2024 ജൂലൈ 11-ാം തീയതി ട്രയൽ അടിസ്ഥാനത്തിൽ കപ്പലുകൾ തുറമുഖത്തിൽ അടുത്തു തുടങ്ങിയതു മുതൽ 2025 ആഗസ്റ്റ് മാസം 31- ആം തീയതി വരെ 468 കപ്പലുകൾ തുറമുഖത്തിലെത്തുകയും 10,26,983 TEU കണ്ടെയ്നറുകൾ കൈകാര്യം ചെയ്യപ്പെടുകയു മുണ്ടായി. ഇതിലൂടെ 425.72 കോടി രൂപ തുറമുഖ വരുമാനമായി കൺസഷണയർക്കും നികുതി യിനത്തിൽ 76.63 കോടി രൂപ സർക്കാരിനും ലഭിച്ചു.</td></tr>
<tr><td>(ബി)</td><td>ഏതെല്ലാം പ്രവർത്തനങ്ങളാണ് വിഴിഞ്ഞം തുറമുഖത്ത് തുടർഘട്ടമെന്ന രീതിയിൽ പൂർത്തീകരിക്കാനുള്ളതെന്ന് വിശദമാക്കുമോ;</td><td>(ബി)</td><td>തുറമുഖത്തിന്റെ തുടർ ഘട്ടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചു സ്ഥാപിത ശേഷി പ്രതിവർഷം 30 ലക്ഷം TEU ആയി ഉയർത്തുന്നതിനായി നിലവിൽ 800 മീറ്റർ നീളമുള്ള കണ്ടെയ്നർ ബെർത്തിന്റെ നീളം</td></tr>
</table>

| | | | |
|---|---|---|---|
| | | | 2000 മീറ്ററായും, 2960 മീറ്റർ നീളമുള്ള പുലിമുട്ടിന്റെ നീളം 3880 മീറ്ററായും, 30 ഹെക്ടർ വിസ്തീർണ്ണമുള്ള കണ്ടെയ്നർ യാർഡ് 70 ഹെക്ടർ ആയും വർദ്ധിപ്പിക്കുന്നതാണ്. കൂടാതെ, തുടർ ഘട്ടങ്ങളിലെ പ്രവർത്തനങ്ങൾക്കായി ആവശ്യമായ യന്ത്രോപകരണങ്ങളുടെ സ്ഥാപിക്കലും പൂർത്തീകരിക്കും. ടി ഘടകങ്ങൾ പൂർത്തീകരിക്കുന്ന തോടു കൂടി തുറമുഖത്തിന്റെ ശേഷി 30 ലക്ഷം TEU ആയി ഉയരുന്നതാണ്. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ 2028 ഡിസംബറോട് കൂടി പൂർത്തീകരിച്ച് തുറമുഖം പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാകുന്നതാണ്. തുടർ ഘട്ടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്.<br><br>കൺസഷൻ എഗ്രിമെന്റ് പ്രകാരം വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ദേശീയ റെയിൽ ശൃംഖലയുമായി ബന്ധിപ്പിക്കുന്ന റെയിൽപ്പാത സ്ഥാപിക്കേണ്ട ഉത്തരവാദിത്തം സംസ്ഥാന സർക്കാരിനാണ്. AVPPL മായുള്ള സപ്ലിമെന്ററി കൺസെഷൻ പ്രകാരം റെയിൽ പാത 2028 ഡിസംബറിനുള്ളിൽ സ്ഥാപിക്കേണ്ടതാണ്. കൊങ്കൺ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് (KRCL)-നെയാണ് റെയിൽപ്പാത സ്ഥാപിക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്. KRCL തയ്യാറാക്കിയ DPR ദക്ഷിണ റെയിൽവേയുടെ അംഗീകാരം 2022 മാർച്ചിൽ ലഭിച്ചു. കൂടാതെ, പദ്ധതിയ്ക്ക് കേന്ദ്ര മന്ത്രാലയത്തിന്റെ പാരിസ്ഥിതികാനുമതിയും ലഭ്യമായിട്ടുണ്ട്. റെയിൽ പദ്ധതിയുടെ DPR ന് സംസ്ഥാന സർക്കാരിന്റെ ഭരണാനുമതിയും ലഭിച്ചിട്ടുണ്ട്. |
| (സി) | കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് പ്രസ്തുത തുറമുഖത്ത് നിന്ന് ലഭിച്ച നികുതി വരുമാനം എത്രയെന്ന് വിശദമാക്കുമോ? | (സി) | 2025 ആഗസ്റ്റ് മാസം 31-ാം തീയതി വരെ 468 കപ്പലുകൾ തുറമുഖത്തിലെത്തുകയും 10,26,983 TEU കണ്ടെയ്നറുകൾ കൈകാര്യം ചെയ്യപ്പെടുകയുമുണ്ടായി. ഇതിലൂടെ 425.72 കോടി രൂപ തുറമുഖ വരുമാനമായി കൺസഷണയർക്കും നികുതിയിനത്തിൽ 76.63 കോടി രൂപ സർക്കാരിനും ലഭിച്ചു. |

സെക്ഷൻ ഓഫീസർ